പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.397 — 27.02.2017 -ൽ മറുപടിയ്ക്ക്

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില താങ്ങാവുന്നതിലധികം വർദ്ധിച്ചതു മൂലം ജനജീവിതം ദുരിതത്തിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് മൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സർക്കാർ കാര്യക്ഷമമായി നടപ്പാക്കി വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (ബി) പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെയും അവശ്യ വസ്തുക്കൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന്റെയും ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നു. 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിലുള്ള വിവിധ ഉൽപ്പന്നങ്ങൾ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിലും മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/ മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ അരിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി അരിക്കട ഫെയറുകൾ |

ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അവശ്യഭക്ഷ്യ വസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, ഊഹക്കച്ചവടം എന്നിവ മൂലമുള്ള കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റത്തിനുള്ള സാധ്യത എന്നിവ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| (സി) വിവിധ തരം ന്യായ വില സ്റ്റോറുകൾ അധികമായി സ്ഥാപിച്ച് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (സി) നിലവിൽ സപ്ലൈകോ ഔട്ട് ലെറ്റുകൾ ഇല്ലാത്ത 32 പഞ്ചായത്തുകളിൽ പുതിയ ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ